**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4484** **18-03-2025 - ൽ മറുപടിയ്ക്ക്**

**മലബാർ ദേവസ്വത്തിലെ ക്ഷേത്ര ജീവനക്കാരുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | മലബാർ ദേവസ്വത്തിന്റെ കീഴിൽ എത്ര ക്ഷേത്രസ്ഥാനികന്മാരും കോലധാരികളും ഉണ്ടെന്ന് അറിയിക്കുമോ; | (എ) | ഉത്തരമലബാറിലെ ആചാരസ്ഥാനികർ കോലധാരികൾ എന്നിവർക്കായുള്ള പ്രതിമാസ ധനസഹായ പദ്ധതിയിൽ 1544 ആചാരസ്ഥാനികരും 368 കോലധാരികളും ആണ് നിലവിൽ ഗുണഭോക്താക്കളായുള്ളത്. |
| (ബി) | ക്ഷേത്ര സ്ഥാനികന്മാർ, കോലധാരികൾ അടക്കമുള്ള ക്ഷേത്ര ജീവനക്കാരുടെ മാസവേതനം എത്രയാണെന്നും ഇവർക്ക് വേതനം നൽകുന്നത് സർക്കാരാണോയെന്നും വെളിപ്പെടുത്തുമോ; | (ബി) | ആചാരസ്ഥാനികരുടേയും കോലധാരികളുടേയും പ്രതിമാസ ധനസഹായം നിലവിൽ 1600 രൂപയാണ്. പൂർണ്ണമായും സർക്കാർ ഗ്രാന്റ് ഉപയോഗിച്ചാണ് ഇവരുടെ പ്രതിമാസ വേതനം നൽകുന്നത്. നടപ്പ വർഷത്തെ ബഡ്ജറ്റ് പ്രൊവിഷനായ 5.30 കോടി രൂപ മുഴുവനായി ഇതിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാരുടെ മാസവേതനം കൃത്യമായി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?; | (സി) | ആചാരസ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസ ധനസഹായ പദ്ധിക്കായി 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ വിഹിതമായ 5,30,00,000/- രൂപ പൂർണ്ണമായി ഉപയോഗിച്ച് 2024 ഒക്ടോബർ മാസം വരെയുള്ള വേതനം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ജീവനക്കാരെക്കൂടാതെ മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ സർക്കാർ വേതനം നൽകുന്ന മറ്റ് ജീവനക്കാർ ആരൊക്കെയുണ്ടെന്നും അവരുടെ മാസവേതനം എത്രയാണെന്നും അറിയിക്കുമോ? | (ഡി) | മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ഗ്രേഡ്, ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III, ഗ്രേഡ് IV എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് ക്ഷേത്രജീവനക്കാരുടെ ശമ്പള സ്കെയിൽ നിശ്ചയിച്ചിരിക്കുന്നത്. ക്ഷേത്രജീവനക്കാരുടെ ശമ്പളം അതാത് മാസം അനുവദിക്കേണ്ട് ടി ക്ഷേത്രങ്ങളുടെ ഫണ്ടിൽ നിന്നാണ്. എന്നാൽ വാർഷിക വരുമാനം 25 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങൾക്ക് ഇപ്രകാരം ക്ഷേത്രഫണ്ടിൽ നിന്ന് പൂർണ്ണമായി ശമ്പളം അനുവദിക്കാൻ സാധിക്കാതെ വരുമ്പോൾ വ്യവസ്ഥകൾക്ക് വിധേയമായി ബോർഡിന് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റിൽ നിന്നും |

| | | | |
|---|---|---|---|
| | | | ഇത്തരം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ധനസഹായം അനുവദിച്ച് വരുന്നുണ്ട്. ഇപ്രകാരം സർക്കാരിൽ നിന്നും ശമ്പള ധനസാഹയം അനുവദിക്കുന്ന ഗ്രേഡ് III, ഗ്രേഡ് IV ജീവനക്കാരുടെ ഗ്രേഡ് തിരിച്ചുള്ള ശമ്പളസ്കെയിൽ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>സർക്കാരിൽ നിന്നും ശമ്പള ധനസഹായം അനുവദിക്കുന്ന ഗ്രേഡ് III, ഗ്രേഡ് IV ജീവനക്കാരുടെ ഗ്രേഡ് തിരിച്ചുള്ള ശമ്പളസ്കെയിൽ സംബന്ധിച്ച വിവരം</u>

| ക്രമ നം. | തസ്തിക | വേതന നിരക്ക് ഗ്രേഡ് III | വേതന നിരക്ക് ഗ്രേഡ് IV |
|---|---|---|---|
| 1 | മേൽ ശാന്തി | 32550 – 53050 | 13800 – 24900 |
| 2 | കീഴ്ശാന്തി/ശാന്തി | 26850 – 40350 | 12900 – 23700 |
| 3 | കഴകം/വാദ്യം | 20100 – 28900 | 12000 – 23100 |
| 4 | വെളിച്ചപ്പാട് | 12900 – 23700 | 11700 – 20100 |
| 5 | മാനേജർ | 29600 – 48650 | 12900 – 23700 |
| 6 | വാച്ച്മാൻ | 20100 – 28900 | 11700 – 20100 |
| 7 | അലക്ക്/വിളക്ക് വെയ്പ് | 12000 – 23100 | 11700 – 20100 |
| 8 | അടിച്ചുതളി | 12000 – 23100 | 8500 – 15800 |
| 9 | മാനേജർ/സൂപ്പർവൈസർ | 29600 – 48650 | 12900–23700 |
| 10 | യു.ഡി. ക്ലാർക്ക്/യു.ഡി.ടൈപ്പിസ്റ്റ് | 25550 – 40350 | – |
| 11 | ക്ലാർക്ക്/ടൈപ്പിസ്റ്റ്/കലവറ ക്ലാർക്ക്/ വഴിപാട് ക്ലാർക്ക് | 22500 – 35850 | – |
| 12 | പ്യൂൺ/അറ്റന്റർ/കാവൽ/മൈക്ക് ഓപ്പറേറ്റർ/വെടി വഴിപാട് | 20100 – 28900 | – |